# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2073 — 05.12.2018-ൽ മറുപടിക്ക്

## വർഗീയ ചേരിതിരിവും മതസ്പർദ്ധയും വളർത്തുന്ന നീക്കങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി. ദിവാകരൻ<br>ശ്രീ. ആർ. രാമചന്ദ്രൻ<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീ. വി.ആർ. സുനിൽ കുമാർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് വർഗീയ ചേരിതിരിവുണ്ടാക്കുന്നതിനും മതസ്പർദ്ധ വളർത്തുന്നതിനും ചില കേന്ദ്രങ്ങൾ നടത്തുന്ന നീക്കങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) വർഗീയ ചേരിതിരിവും മതസ്പർദ്ധയും ഉണ്ടാക്കുന്നതായ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ ഇടയുള്ള സംഘടനകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിവരുന്നു. |
| (ബി) ശബരിമലയിൽ സ്ത്രീപ്രവേശനം അനുവദിച്ച സുപ്രീംകോടതി വിധി വന്നതിന് ശേഷം വർഗീയ വികാരം ആളിക്കത്തിക്കുന്നതിനും അതിൽ നിന്ന് രാഷ്ട്രീയനേട്ടം കൊയ്യുന്നതിനുമായി പ്രവർത്തനം നടത്തുന്ന സംഘടനകളെ ഏതൊക്കെ തരത്തിൽ പ്രതിരോധിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) വർഗീയ വികാരം ആളിക്കത്തിച്ച് അതിൽ നിന്ന് രാഷ്ട്രീയനേട്ടം കൈവരിക്കാനും സമാധാനാന്തരീക്ഷത്തിന് ഭംഗം വരുത്തുവാനും ശ്രമിക്കുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) ഇത്തരത്തിൽ വർഗീയകലാപം സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങൾ തടയുന്നതിനും ഇതിനെപ്പറ്റി | (സി) കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള സാമുദായിക മൈത്രി നിലനിർത്തുന്നതിനായുള്ള |

| | |
|---|---|
| പൊതുസമൂഹത്തെ ബോധവല്ക്കരിക്കുന്നതിനും സർക്കാർ തലത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ? | മാർഗ്ഗ നിർദ്ദേശങ്ങളാണ് വർഗ്ഗീയ ലഹളയുൾപ്പെടെയുള്ള സംഘർഷങ്ങൾ ഒഴിവാക്കുന്നതിനും നേരിടുന്നതിനുമായി സർക്കാർ പ്രധാനമായും പിന്തുടരുന്നത്. പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരം എല്ലാ ജില്ലാ ഭരണാധികാരികളും ഓരോ ജില്ലയിലെയും വർഗീയ സംഘർഷങ്ങൾക്ക് സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി അത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്.<br><br>സാമുദായിക സംഘർഷ സാധ്യതാ പ്രദേശങ്ങളിൽ വർഗീയ സംഘർഷ സാധ്യതകൾ മുൻകൂട്ടി കണ്ട് അവ തടയുന്നതിനാവശ്യമായ നടപടി ക്രമങ്ങൾ തയ്യാറാക്കി ആവശ്യമായ പോലീസ് സേനയെ വിന്യസിക്കുകയാണ് ചെയ്യുന്നത്. സമൂഹമാധ്യമങ്ങളും ഇന്റലിജൻസ് വിഭാഗം ശേഖരിക്കുന്ന വിവരങ്ങളും വിശകലനം ചെയ്ത് ജില്ലാ മജിസ്ട്രേറ്റിന്റെയും പോലീസ് സൂപ്രണ്ടിന്റെയും നേതൃത്വത്തിൽ ഓരോ മാസവും അവലോകനയോഗം നടത്തി മതസൗഹാർദ്ദം വളർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. ജില്ലാ തലത്തിൽ രൂപീകരിച്ചിട്ടുള്ള സമാധാന കമ്മിറ്റികളും പ്രവർത്തിച്ചു വരുന്നുണ്ട്. ഇത്തരം മതസൗഹാർദ്ദ യോഗങ്ങളുടെ ത്രൈമാസ റിപ്പോർട്ടുകൾ ജില്ലാ ഭരണാധികാരികൾ അവലോകനത്തിനായി സർക്കാരിൽ സമർപ്പിക്കുകയും ചെയ്യുന്നുണ്ട്. മേൽ വിവരിച്ച നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നതിനായി വ്യക്തമായ |

നിർദ്ദേശങ്ങൾ ഉൾപ്പെടുത്തികൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കൂടാതെ സാമുദായിക സംഘർഷങ്ങൾ തടയുന്നതിനായി പൊതു സമൂഹത്തെ ബോധവത്കരിക്കുന്ന വിവിധ പരിപാടികൾ നിലവിൽ സംഘടിപ്പിച്ച് വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**